8078920247
malayalammissionkerala01@gmail.com

നമ്പർ 1067/22/മ.മി. തീയതി: 04.06.2022

*പ്രസിദ്ധീകരണത്തിന്*

# ലോകകേരളസഭ 2022
## പ്രവാസി വിദ്യാർത്ഥികൾക്ക് സാഹിത്യ മത്സരം

തിരുവനന്തപുരം: മൂന്നാമത് ലോകകേരളസഭയോട് അനുബന്ധിച്ച് പ്രവാസ സാഹിത്യ രംഗത്തെ പുതിയ പ്രതിഭകളെ കണ്ടെത്താൻ ലോകകേരളസഭ പ്രവാസ സാഹിത്യ മത്സരം ഒരുക്കുന്നു. മലയാളം മിഷൻ ഒരുക്കുന്ന ഈ മത്സരത്തിൽ ചെറുകഥ, കവിത, ലേഖനം എന്നിവയിൽ സബ് ജൂനിയർ (8-12), ജൂനിയർ (13-18), സീനിയർ (19 മുതൽ) വിഭാഗങ്ങളിലായി പ്രവാസി വിദ്യാർത്ഥികൾക്ക് മത്സരിക്കാം. രചനകൾ 2022 ജൂൺ 10-ന് മുമ്പ് lksmm2022@gmail.com എന്ന വിലാസത്തിലേക്ക് പ്രായം തെളിയിക്കുന്ന സാക്ഷ്യപത്രത്തിനൊപ്പം വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ കത്തും രചനയ്ക്കൊപ്പം നൽകേണ്ടതാണ്. ലഭിക്കേണ്ടതാണ്. ചെറുകഥ,കവിത മത്സരങ്ങൾക്ക് വിഷയ നിബന്ധനയില്ല. 'കോവിഡാനന്തര പ്രവാസ ജീവിതം' എന്ന വിഷയത്തിൽ അഞ്ചു പുറത്തിൽ കവിയാത്ത ലേഖനമാണ് മത്സരത്തിന് അയക്കേണ്ടത്.മലയാള സാഹിത്യ ലോകത്തെ പ്രമുഖ എഴുത്തുകാരടങ്ങുന്ന ജൂറി ആയിരിക്കും വിധിനിർണ്ണയിക്കുക. വിജയികൾക്ക് പ്രശസ്തി പത്രം ആലേഖനം ചെയ്ത ഫലകവും ആകർഷകമായ അക്ഷര സമ്മാനപ്പെട്ടിയും പങ്കെടുക്കുന്ന എല്ലാവർക്കും ഓൺലൈൻ സർട്ടിഫിക്കറ്റും നൽകും.

വിശ്വസ്തതയോടെ,

മുരുകൻ കാട്ടാക്കട
ഡയറക്ടർ